**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3313** **01-03-2023 - ൽ മറുപടിയ്ക്ക്**

**സി.എം.ഡി. മുഖേനയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ടിന് വിരുദ്ധമായി എംപ്ലോയമെന്റ് എക്സ്ചേഞ്ചുകളെ മറികടന്നുകൊണ്ട് സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളില്ലും മറ്റ് സർക്കാർ ഏജൻസികളില്ലും സി.എം.ഡി. മുഖേന നിരവധി നിയമനങ്ങൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ടിന് വിരുദ്ധമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന ശുചിത്വ മിഷനിൽ നിയമനം നടന്നുവെന്ന് അറിയിച്ച് ശ്രീമതി. സൗമ്യ.എം.എസ് എന്ന ഉദ്യോഗാർത്ഥി വകുപ്പിൽ പരാതി സമർപ്പിക്കുകയും ആയതിന്മേൽ ശുചിത്വമിഷനിൽ സ്ഥാപന പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. റിപ്പോർട്ട് ലഭ്യമായാലുടൻ ഒഴിവുകൾ നിയമ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണോയെന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കും. |
| (ബി) | സി.എം.ഡി. മുഖേന നിയമനം നടത്തിയ സ്ഥാപനങ്ങളിൽ റിസർവേഷൻ ചട്ടം പാലിച്ചിട്ടുണ്ടോ എന്ന് വകുപ്പ് നാളിതുവരെ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇപ്രകാരം പരിശോധന നടത്തിയതെന്നും പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെയുള്ള നിയമനങ്ങളിൽ ഒഴികെ മറ്റ് സ്ഥാപനങ്ങൾ/ ഏജൻസികൾ മുഖേനെയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ